പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 680

13.07.2012-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയുടെ വിപുലമായ സാധ്യതകൾ

ചോദ്യം

ഡോ. എൻ. ജയരാജ്
ശ്രീ. എം. വി.ശ്രേയാംസ് കുമാർ
ശ്രീ. പി.സി.ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ

ഉത്തരം

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

എ) സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ വിപുലമായ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

എ) ഉണ്ട്. ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും തുടങ്ങിവച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ബി ) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി അഖിലേന്ത്യാടിസ്ഥാനത്തിൽ ആർക്കിടെക്റ്റുകളുടെയും ടൂറിസം കൺസൾട്ടന്റുകളുടെയും അപേക്ഷ ക്ഷണിച്ച് വിദഗ്ധരടങ്ങിയ ഒരു കമ്മിറ്റിയുടെ പരിശോധന വഴി അർഹരായവരുടെ ചുരുക്കപട്ടിക ഉണ്ടാക്കി വിദഗ്ദ്ധരുടെ ഒരു പാനലിന് രൂപം നൽകിയിട്ടുണ്ട്. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾ ടൂറിസം സെക്രട്ടറി, ഫൈനാൻസ് സെക്രട്ടറി, പ്ലാനിംഗ് അഡീഷണൽ സെക്രട്ടറി, ടൂറിസം ഡയറക്ടർ എന്നിവർ അംഗങ്ങളായ വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടാണ് ഭരണാനുമതി നൽകി വരുന്നത്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി), ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ(ഡി.എം.സി) എന്നിവ വഴി വരുന്ന പദ്ധതികളും ഇത്തരത്തിൽ പരിശോധിച്ച് ഭരണാനുമതിയ്ക്കായി പരിഗണിക്കുന്നു. നിലവാരമില്ലാത്ത പല പദ്ധതികളും പുതുക്കി ഉന്നത മാനദണ്ഡങ്ങളോടെ പുനർനിർവചിച്ച് മെച്ചപ്പെടുത്തി സമർപ്പിക്കുന്നവയ്ക്ക് മാത്രമേ അംഗീകാരം നൽകാറുള്ളൂ. ഈ പ്രക്രിയ കുറെക്കൂടി ശാസ്ത്രീയമായി പുതുക്കി കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ ഏജൻസികളിലൂടെയും സർക്കാർ അംഗീകരിച്ച ഏജൻസികളിലൂടെയുമാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനായി പദ്ധതി അവലോകന യോഗങ്ങൾ ബന്ധപ്പെട്ട ഏജൻസികളെയും ഉദ്യോഗസ്ഥരെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ